നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 5026

23.03.2018-ൽ മറുപടിയ്ക്ക്.

# പാൽ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായുളള പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീമതി.പി. അയിഷാ പോറ്റി** | **ശ്രീ.കെ രാജു**<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) പാൽ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി ക്ഷീരവകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതെല്ലാമാണ്; | (എ) പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനായി തീറ്റപ്പുൽ കൃഷി പദ്ധതി, കാലിത്തീറ്റ സബ്സിഡി, മിൽക്ക്ഷെഡ് വികസന പദ്ധതി (MSDP), ക്ഷീരസഹകരണ സംഘങ്ങളുടെ ശാക്തീകരണം, വിജ്ഞാനവ്യാപന പ്രവർത്തനങ്ങൾ തുടങ്ങിയ പദ്ധതികൾ ക്ഷീര വികസന വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. |
| (ബി) വേനൽക്കാലത്ത് പാലുൽപ്പാദനത്തിൽ എത്ര കുറവാണുണ്ടാകുന്നത്; | (ബി) പച്ചപ്പുല്ലിന്റേയും മറ്റ് തീറ്റകളുടേയും ദൗർലഭ്യവും, കാലാവസ്ഥ വ്യതിയാനവും മൂലം വേനൽക്കാലത്ത് ഏകദേശം 20 മുതൽ 30% വരെ പാലിന്റെ ലഭ്യത കുറവ് വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) ആയത് പരിഹരിക്കുന്നതിനും വേനൽകാലത്ത് പാലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ? | (സി) വേനൽക്കാലത്ത് പാലുല്പാദനത്തിലുണ്ടാകുന്ന കുറവ് പരിഹരിക്കുന്നതിന് വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>• **കാലിത്തീറ്റ സബ്സിഡി**<br>ക്ഷീരകർഷകർ ക്ഷീരസഹകരണ സംഘങ്ങളിൽ അളക്കുന്ന ഓരോ ലിറ്റർ പാലിനും ഒരു രൂപ നിരക്കിൽ കാലിത്തീറ്റ സബ്സിഡി അവരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ (DBT) പ്രകാരം നല്കിവരുന്നു. കൂടാതെ ത്രിതല പഞ്ചായത്തുകളും പരമാവധി 4/- രൂപ വരെ നൽകുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. 2017-18ൽ 13 കോടി രൂപ കാലിത്തീറ്റ സബ്സിഡിയായി അനുവദിച്ചിട്ടുണ്ട്. |

- **ക്ഷീരസംഘങ്ങൾ മുഖേന ക്ഷീരകർഷകർക്ക്** പച്ചപ്പുൽ / വൈയ്ക്കോൽ ലഭ്യമാക്കി. 2017-18 വർഷം 155 ലക്ഷം രൂപ സർക്കാർ ധനസഹായത്തോടുകൂടി ക്ഷീരസംഘങ്ങളിലൂടെ പച്ചപ്പുൽ / വൈക്കോൽ ക്ഷീര കർഷകർക്ക് വിതരണം ചെയ്യുകയുണ്ടായി. വരൾച്ചാ കാലയളവിൽ ഇത് കർഷകർക്ക് വളരെ ആശ്വാസകരമായിരുന്നു. കൂടാതെ വിജ്ഞാന-വ്യാപന പ്രവർത്തനങ്ങളുടെ ഭാഗമായി വേനൽക്കാലത്ത് കന്നുകാലികൾക്കാവശ്യമായ പ്രത്യേക ശാസ്ത്രീയപരിരക്ഷണ മുറകൾ കർഷകർക്ക് പകർന്നു നൽകുന്നതിലൂടെ ഒരു പരിധിവരെ ഉല്പാദനത്തിൽ വലിയ കുറവില്ലാതെ സംരക്ഷിച്ചു പോകുന്നതിന് കഴിയാറുണ്ട്.

**സെക്ഷൻ ഓഫീസർ**